# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1679 | 11-02-2013 ൽ മറുപടിയ്ക്ക്

## നെൽക്കൃഷി വികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നെൽകൃഷിയുടെ പുരോഗതിക്കുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷി എത്ര മാത്രം പുരോഗമിച്ചു എന്നു പറയുമോ; | (എ) നെൽകൃഷിയുടെ പുരോഗതിയ്ക്കായി സംസ്ഥാന സർക്കാർ സുസ്ഥിര നെൽകൃഷി, തരിശുനെൽകൃഷി, കരനെൽകൃഷി, ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായം, ആർ.കെ.വി. വൈ നെൽകൃഷി ഉല്പാദനം വർദ്ധിപ്പിക്കൽ, ആർ.കെ.വി.വൈ തരിശുകൃഷി വ്യാപിപ്പിക്കൽ, കുട്ടനാട് പാക്കേജ് നെൽകൃഷി തരിശുനില കൃഷി, ദേശീയ സുരക്ഷാ പദ്ധതി, നെൽകൃഷിക്കുള്ള ഉല്പാദന ബോണസ്, നെല്ലു സംഭരണം, എം.എം.എ നെൽകൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2011-12 വർഷം നെൽകൃഷി വിസ്തീർണ്ണം 208160 ഹെക്ടറും ഉല്പാദനം 568993 മെട്രിക് ടണ്ണും ആണ്. ഉല്പാദനത്തിൽ 8.85% വർദ്ധനവും ഉല്പാദനക്ഷമതയിൽ 11.46 വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി ചെയ്തിരുന്ന കൃഷിയിടങ്ങളിൽ കൃഷി ചെയ്യാതെയുള്ളത് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2011-12 വർഷത്തെ സ്ഥിതി വിവര കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ 2,08,160 ഹെക്ടർ നെൽകൃഷി ചെയ്തിട്ടുണ്ട്. 2012-13 വർഷം വികസന വിസ്തൃതി 223,861 ഹെക്ടറായി കൃഷിയുണ്ടായിരുന്നു.

കൃഷി ചെയ്യാതെയുള്ള സ്ഥലങ്ങളിൽ 2012-13 വർഷം രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം വിവിധ വിളകൾ കൃഷി ചെയ്ത് കൃഷി യോഗ്യമാക്കുന്നതിനായി 1080 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുകയും വിജയം വരിക്കുകയും ചെയ്ത കരനെൽകൃഷി ഇപ്പോൾ നിലവിലുണ്ടോ; ഈ ഇനത്തിൽ എത്ര വിളവുകിട്ടി എന്നു വിശദമാക്കുമോ;

(സി) ഇപ്പോഴും നിലവിലുണ്ട്. 2011-12 വർഷം കരനെൽകൃഷി 6539 ഹെക്ടറിൽ നടപ്പിലാക്കിയിരുന്നു. 2012-13 വർഷം 3341 ഹെക്ടറിൽ നടപ്പിലാക്കി വരുന്നു. പ്രത്യേക ഇനം നെല്ല് 1000 ഹെക്ടറിലും നടപ്പിലാക്കി വരുന്നു. ആകെ 4341 ഹെക്ടറിൽ കരനെൽകൃഷി 2012-13 ൽ ചെയ്തു വരുന്നു.

കരനെൽകൃഷി നടപ്പിലാക്കിയത് വഴി 2012-13 ൽ ഹെക്ടറിന് 2 ടൺ പ്രകാരം 13000 ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ചേർത്തലയിലെ കരപ്പാടങ്ങളിലെ കൃഷി പരിപോഷിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ആലപ്പുഴ ജില്ലയിലെ കുത്തിയതോട്, പാണാവള്ളി, ചേർത്തല പ്രദേശങ്ങളിൽ കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 7500 രൂപ പ്രകാരം 129 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള ധനസഹായം കൊടുത്തിട്ടുണ്ട്. കൂടാതെ കരപ്പാടങ്ങളിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആർ.കെ.വി.വൈ പദ്ധതി പ്രകാരം 310.587 ഹെക്ടറിൽ 3000 രൂപ പ്രകാരവും സുസ്ഥിര നെൽകൃഷി പദ്ധതി പ്രകാരം 200 ഹെക്ടറിന് 4000 രൂപ പ്രകാരവും ഈ വർഷം നൽകുകയുണ്ടായി. ഇവ കൂടാതെ ഉല്പാദന ബോണസ്, സൗജന്യ വൈദ്യുതി പദ്ധതി എന്നിവ പ്രകാരവും ആനുകൂല്യം നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ